# യൂണിറ്റ് : 5

## രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

1. ഒന്നാം ലോകയുദ്ധം സാമ്രാജ്യത്വയുദ്ധമായിരുന്നെങ്കിൽ കോളനികളില്ലാത്ത രാജ്യങ്ങളിൽ വളർന്നുവന്ന അസംതൃപ്തിയാണ് രണ്ടാം ലോകയുദ്ധത്തിനുള്ള കാരണങ്ങളിലൊന്നായി മാറിയത്. വിശദമാക്കുക.

**4 സ്കോർ**

---

2. മുതലാളിത്ത സോഷ്യലിസ്റ്റ് വ്യവസ്ഥിതികൾ തമ്മിലുള്ള ശത്രുത പരോക്ഷമായി രണ്ടാം ലോകയുദ്ധത്തിനു കളമൊരുക്കി. പ്രസ്താവന വിലയിരുത്തുക.

**2 സ്കോർ**

---

3. സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയൻ നാസി ജർമ്മനിയുമായി അനാക്രമണ സന്ധിയിലേർപ്പെട്ടതിന്റെ പിന്നിലെ ഉദ്ദേശ്യമെന്ത്?

**2 സ്കോർ**

---

4. രണ്ടാംലോകയുദ്ധവുമായി ബന്ധപ്പെട്ട 'കപട യുദ്ധം' എന്താണ്? ഇത് യുദ്ധത്തിന്റെ ഗതിയെ എങ്ങനെ സ്വാധീനിച്ചു?

**2 സ്കോർ**

---

5. രണ്ടാം ലോകയുദ്ധവുമായി ബന്ധപ്പെടുത്തി തന്നിരിക്കുന്ന സംഭവങ്ങളെ നടന്ന ക്രമമനുസരിച്ച് ചിട്ടപ്പെടുത്തുക.

**<u>സംഭവങ്ങൾ</u>**

- നാസി സോവ്യറ്റ് അനാക്രമണ സന്ധി
- ജപ്പാന്റെ പേൾഹാർബർ ആക്രമണം
- മ്യൂണിച്ച് ഉടമ്പടി
- മുസലീനിയുടെ അബിസീനിയാ ആക്രമണം

**4 സ്കോർ**

---

6. രണ്ടാം ലോകയുദ്ധാനന്തരം 'സൂര്യനസ്തമിക്കാത്ത സാമ്രാജ്യം' ഇല്ലാതായി. സാമ്രാജ്യത്വ ശക്തികളുടെ ആഫ്രിക്കയിലേയും ഏഷ്യയിലേയും കോളനികൾ സ്വാതന്ത്ര്യം നേടി. ഈ അപ കോളനീകരണത്തിലേയ്ക്ക് നയിച്ച ഘടകങ്ങൾ ഏതൊക്കെയാണ്?

**4 സ്കോർ**

---

7. വിൻസ്റ്റൺ ചർച്ചിൽ അമേരിക്കയിലെ ഫുൾട്ടണിൽ നടത്തിയ 'ഇരുമ്പുമറ പ്രസംഗം' മറ്റൊരു യുദ്ധത്തിന് തിരികൊളുത്തി.

   i യുദ്ധമേത്?

   ii മറ്റ് യുദ്ധങ്ങളിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

   iii ലോക രാഷ്ട്രീയ ക്രമത്തിൽ അത് വരുത്തിയ ശ്രദ്ധേയമായ ഒരു മാറ്റം എഴുതുക

**3 സ്കോർ**

---

8. 'രണ്ടാം ലോകയുദ്ധാനന്തരം സോഷ്യലിസ്റ്റ് വ്യാപനം ആഗോളതലത്തിൽ ഉണ്ടാക്കിയ പ്രതിഫലനം' ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു സെമിനാർ പ്രബന്ധത്തിൽ ഉൾച്ചേർക്കേണ്ട പ്രധാന ആശയങ്ങൾ എന്തൊക്കെയാവണം?

**5 സ്കോർ**

---

9. സുഡറ്റൻലാന്റ് ജർമ്മനിക്കു നൽകുവാൻ ബ്രിട്ടണും ഫ്രാൻസും തയ്യാറായത് ഏത് ഉടമ്പടി പ്രകാരമാണ്. ഇത്തരമൊരു ഉടമ്പടിക്ക് അവർ തയ്യാറായതിനുള്ള മൂന്ന് കാരണങ്ങളെഴുതുക.

**5 സ്കോർ**

10. 'രണ്ടാം ലോക യുദ്ധകാലത്തെ സൈനിക സഖ്യങ്ങളെ ബന്ധപ്പെടുത്തി താഴെകൊടുത്തിരിക്കുന്ന പട്ടിക ഉചിതമായ ശീർഷകങ്ങൾ (തലക്കെട്ട്) നൽകി പൂർത്തിയാക്കുക.

| ............................................... | ............................................... |
|---|---|
| i) ............................................... | i) ............................................... |
| ii) ............................................... | ii) ............................................... |
| iii) ............................................... | iii) ............................................... |

**3 സ്കോർ**

11. അക്ഷാംശരേഖ ഒരു രാഷ്ട്രത്തിന്റെ വിഭജന രേഖയായിരുന്നു. ഏത് രാജ്യത്തെയാണ് ഇങ്ങനെ വിഭജിച്ചത്?

ഈ തീരുമാനമെടുത്ത അന്താരാഷ്ട്ര സമ്മേളനമേത്?

**2 സ്കോർ**

12. രണ്ടാം ലോക യുദ്ധത്തിനു ശേഷം ഏഷ്യയിലും യൂറോപ്പിലും നിലവിൽ വന്ന സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് രണ്ട് ഉദാഹരണം എഴുതുക.

**2 സ്കോർ**

13. 'സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഗോർബച്ചേവിന്റെ പരിഷ്ക്കാരങ്ങൾ ആക്കം കൂട്ടി', ഈ പ്രസ്താവന വിലയിരുത്തുക

**4 സ്കോർ**

14. വിയറ്റ്നാം യുദ്ധം അമേരിക്കയ്ക്ക് തിരിച്ചടിയായതു എന്തുകൊണ്ട്?

**2 സ്കോർ**

15. ജർമ്മനിയുടെ റഷ്യൻ ആക്രമണവും ജപ്പാന്റെ പേൾഹാർബർ ആക്രമണവും രണ്ടാം ലോകയുദ്ധത്തിന്റെ ഗതി മാറ്റി- വ്യക്തമാക്കുക.

**4 സ്കോർ**

16. അണു ബോംബ് വർഷിക്കാതെ തന്നെ ജപ്പാനെ കീഴടക്കാമെന്നിരിക്കെ രണ്ടാം ലോകയുദ്ധത്തിനൊടുവിൽ ജപ്പാനിൽ അമേരിക്ക ആണവ ബോംബ് വർഷിച്ചതിനു പിന്നിലുള്ള താൽപര്യങ്ങൾ എന്തെല്ലാമായിരുന്നു?

**6 സ്കോർ**

17. അണുബോംബ് പ്രയോഗിക്കാതെ തന്നെ ജപ്പാനെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്ക് കഴിയുമായിരുന്നോ? വിലയിരുത്തുക.

**3 സ്കോർ**

18. ഒന്നാം ലോക യുദ്ധത്തിനു ശേഷം വൻ സാമ്പത്തിക ശക്തിയായി വളർന്ന അമേരിക്ക 1929-ലെ സാമ്പത്തിക മാന്ദ്യത്തിന് ഇരയായി. ഇതിലേക്ക് നയിച്ച പ്രധാന ഘടകമേത്?

**1 സ്കോർ**

19. രണ്ടാം ലോക യുദ്ധാനന്തരം രൂപീകരിക്കപ്പെട്ട സൈനിക സഖ്യങ്ങൾ, അവ രൂപീകരിച്ച വർഷം അവയുടെ ആസ്ഥാനങ്ങൾ എന്നിവ A, B, C കോളങ്ങളിൽ നൽകിയിരിക്കുന്നു. A കോളത്തോട് ചേരുന്നവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

**5 സ്കോർ**

| സൈനിക സഖ്യങ്ങൾ | രൂപീകരിച്ച വർഷം | ആസ്ഥാനം |
|---|---|---|
| നാറ്റോ | 1955 | മോസ്കോ |
| ഡിയാറ്റോ | 1959 | അങ്കാറ |
| സെന്റോ | 1954 | ബ്രസ്സൽസ് |
| വാഴ്സാ | 1949 | ബാങ്കോക്ക് |

**4 സ്കോർ**

20. ചേരികൾ ഇല്ലാതായെങ്കിലും ചേരിചേരാ പ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്

1) ചേരിചേരാ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാം?
2) അതിന് നേതൃത്വം നൽകിയവർ ആരെല്ലാം?
3) ചേരിചേരായ്മ എന്താണു ആവശ്യപ്പെടുന്നത്?

**5 സ്കോർ**

21. ജർമ്മനിയോട് പ്രീണന നയം സ്വീകരിക്കാൻ ബ്രിട്ടനേയും ഫ്രാൻസിനേയും പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം?

**5 സ്കോർ**

22. ജർമ്മനിയുമായി അനാക്രമണ സന്ധിയിൽ ഒപ്പ് വെച്ച സോവിയറ്റ് യൂണിയൻ പിന്നീട് രണ്ടാം ലോക യുദ്ധത്തിൽ ജർമ്മനിക്കെതിരെ യുദ്ധത്തിലേർപ്പെടാൻ കാരണമെന്തായിരുന്നു?

**2 സ്കോർ**

23. 'ശീത സമരം' (Cold war) എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്? കോളനി വിരുദ്ധ സമരങ്ങളിൽ ശീതസമരത്തിന്റെ ഭാഗമായ രാജ്യങ്ങളുടെ നിലപാട് എന്തായിരുന്നു?

**2 സ്കോർ**

24. സോവിയറ്റ് യൂണിയന്റെ തകർച്ച അന്തർദ്ദേശീയ രംഗത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം?

**4 സ്കോർ**

25. ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച രണ്ടാം ലോകയുദ്ധാനന്തര ലോക സാഹചര്യം വിലയിരുത്തുക?

**2 സ്കോർ**

26. വേഴ്സായ് സന്ധി രണ്ടാം ലോക യുദ്ധത്തിന് കാരണമായതെങ്ങനെ?

**2 സ്കോർ**

27. ഒന്നാം ലോകയുദ്ധത്തെ 'എല്ലാ യുദ്ധങ്ങളും അവസാനിപ്പിക്കാൻ വേണ്ടി നടത്തിയ യുദ്ധം' – എന്നു വിശേഷിപ്പിക്കാറുണ്ട്. രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തി ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക?

**2 സ്കോർ**

28. 'സാമ്രാജ്യത്വ രാജ്യങ്ങൾക്കിടയിലെ കിടമൽസരങ്ങളും ജർമ്മനിയുടെയും ഇറ്റലിയുടെയും വളർച്ചയുമാണ് രണ്ടാം ലോകയുദ്ധത്തിന് കാരണമായത്'– യുദ്ധം ആരംഭിക്കാനുണ്ടായ പശ്ചാത്തലം വിലയിരുത്തി ഈ പ്രസ്താവന സമർത്ഥിക്കുക?

**4 സ്കോർ**

29. ഒന്നാം ലോകയുദ്ധത്തിനു ശേഷം ഇംഗ്ലണ്ടും ഫ്രാൻസും ഫാഷിസ്റ്റു രാജ്യങ്ങളോട് സ്വീകരിച്ച 'പ്രീണ നനയം' എന്തായിരുന്നു? ഇതിന്റെ പ്രത്യാഘാതമെന്തായിരുന്നു?

**4 സ്കോർ**

---

30. അച്ചുതണ്ടു ശക്തികളിൽ ഉൾപ്പെട്ട രാജ്യങ്ങൾ ഏതെല്ലാം? അവർക്കെതിരായി രൂപം കൊണ്ട സഖ്യ മേത്? സഖ്യത്തിലുൾപ്പെട്ട രാജ്യങ്ങൾ ഏതെല്ലാം?

**3 സ്കോർ**

---

31. രണ്ടാം ലോകയുദ്ധത്തിലെ 'കപടയുദ്ധം' എന്നറിയപ്പെട്ടത് എന്താണ്? ഈ പേരിൽ അതറിയപ്പെടാൻ കാരണമെന്ത്?

**3 സ്കോർ**

---

32. രണ്ടാം ലോകയുദ്ധം ഹിറ്റ്ലറുടെ യുദ്ധമായി മാറിയതെങ്ങനെ? രണ്ടാം ലോകയുദ്ധത്തിൽ ജർമ്മ നിക്കും ഹിറ്റ്ലറിനുമുള്ള പങ്ക് വിശദമാക്കി കുറിപ്പു തയ്യാറാക്കുക?

**3 സ്കോർ**

---

33. രണ്ടാം ലോകയുദ്ധത്തിന്റെ ഗതിവിഗതികൾ മാറ്റിമറിച്ചത് യുദ്ധരംഗത്തേക്കുള്ള സോവിയറ്റ് യൂണി യന്റെ കടന്നുവരവായിരുന്നു - ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക?

**2 സ്കോർ**

---

34. രണ്ടാം ലോകയുദ്ധം നടന്നത് യൂറോപ്പ് കേന്ദ്രീകരിച്ചാണ്. എന്നാൽ അമേരിക്കയുടെ കടന്നുവരവ് യുദ്ധത്തെ ആഗോള യുദ്ധമാക്കി. രണ്ടാം ലോകയുദ്ധത്തിലേക്കുള്ള അമേരിക്കയുടെ കടന്നുവരവിനി ടയാക്കിയ സാഹചര്യം വിലയിരുത്തി ഈ പ്രസ്താവന പരിശോധിക്കുക?

**4 സ്കോർ**

---

35. സോവിയറ്റ് യൂണിയൻ പിന്തുടർന്ന വിദേശനയം സാമ്രാജ്യത്വവ്യാപനത്തെ തടയാൻ സഹായിച്ചുവോ? നിങ്ങളുടെ പ്രതികരണമെന്ത്? പ്രതികരണ കുറിപ്പ് തയ്യാറാക്കൂ?

**3 സ്കോർ**

---